LIBRARY ARCHIVES Kerala Legislative Assembly

**വിഴിഞ്ഞം തുറമുഖ പദ്ധതി**

272 (1021) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ?

2015 ഡിസംബർ 5-ന് നിർമ്മാണം ആരംഭിച്ച വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ഒന്നാംഘട്ട നിർമ്മാണം 2019 ഡിസംബർ മൂന്നിനുള്ളിൽ പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പാറ ലഭ്യമാക്കുന്നതിന് കരാർ കമ്പനിക്ക് കഴിയാത്തതിനാൽ പുലിമുട്ടിന്റെ നിർമ്മാണം പൂർത്തീകരിക്കാനായില്ല. പുലിമുട്ടിന്റെ നിർമ്മാണം പൂർത്തിയായാൽ മാത്രമേ ഡ്രഡ്ജിംഗ്, റിക്ലമേഷൻ, കണ്ടെയ്നർ ബർത്ത്, യാർഡ് എന്നിവയുടെ നിർമ്മാണം പൂർത്തീകരിക്കുവാൻ കഴിയുകയുള്ളൂ. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളുടെ നിലവിലെ സ്ഥിതി അനുബന്ധമായി ചേർക്കുന്നു.*

(ബി) ഈ പദ്ധതി എന്നത്തേയ്ക്ക് പ്രവർത്തനസജ്ജമാകുമെന്ന് വ്യക്തമാക്കുമോ?

3-11-2020-ൽ അദാനി പോർട്ട്സ് & സെസ് ലിമിറ്റഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായി ചീഫ് സെക്രട്ടറി നടത്തിയ യോഗത്തിൽ തുറമുഖ പദ്ധതി എത്രയുംവേഗത്തിൽ പൂർത്തീകരിക്കാമെന്ന് അറിയിച്ചിരുന്നു. എന്നാൽ പാറയ്ക്കുള്ള ക്ഷാമവും കോവിഡ് മഹാമാരിയും നിർമ്മാണ പുരോഗതിയെ തടസ്സപ്പെടുത്തിയിരിക്കുകയാണ്.

**വിഴിഞ്ഞം തുറമുഖ പദ്ധതി**

273 (1022) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ യു.ഡി.എഫ്. സർക്കാരിന്റെ കാലയളവിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്ത വിഴിഞ്ഞം തുറമുഖ പദ്ധതി അഞ്ച് വർഷം കഴിഞ്ഞിട്ടും കമ്മീഷൻ ചെയ്യുവാൻ സാധിച്ചിട്ടില്ലായെന്നത് ഗൗരവമായി വിലയിരുത്തുമോ;

(ബി) പദ്ധതിയുടെ പുരോഗതി വിലയിരുത്തി സർക്കാരിന് റിപ്പോർട്ട് ചെയ്യുന്നതിന് നിയുക്തരായിട്ടുള്ള സ്പെഷ്യൽ പ്രോജക്ട് ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം നിലവിലെ സ്ഥിതിയിൽ പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്നാണ് കരുതുന്നതെന്ന് അറിയിക്കുമോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.